(ഡി) പ്രസ്തുത സ്ഥലം ആവശ്യപ്പെട്ട് ഫയർ ഫോഴ്സ് ജില്ലാ വ്യവസായ കേന്ദ്രത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അപേക്ഷ നൽകുവാൻ നടപടി സ്വീകരിക്കുമോ ; അവിടെ ഫയർ സ്റ്റേഷൻ സ്ഥാപിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അരൂരിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 18-9-2014-ന് യോഗം ചേർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ തന്നെ ഫയർ സ്റ്റേഷന് ആവശ്യമായ സ്ഥലം ഒഴിഞ്ഞ് കിടപ്പുണ്ടെന്ന് പ്രസ്തുത യോഗത്തിൽ അഭിപ്രായം ഉയർന്നിട്ടുണ്ട്. സ്ഥലം വിട്ടുനൽകുന്നതിന് ജില്ലാ വ്യവസായ കേന്ദ്രത്തിന് അപേക്ഷ സമർപ്പിച്ചിട്ടില്ല. എന്നാൽ, അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ സ്ഥലം സംബന്ധിച്ച് വിശദമായി പരിശോധിച്ചുവരുന്നു. പരിശോധനയിൽ ഫയർ സ്റ്റേഷന് അനുയോജ്യമാണെന്ന് കണ്ടെത്തിയാൽ അപേക്ഷ വ്യവസായ വകുപ്പിന് സമർപ്പിക്കുന്നതാണ്. നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമായ സ്ഥലങ്ങളിൽ മാത്രമേ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ മുൻഗണന നൽകി വരുന്നുള്ളൂ.

വെള്ളരിക്കുണ്ട് ആസ്ഥാനമായി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

255 (3889) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ താലൂക്കുകളിലാണ് ഫയർ & റസ്ക്യൂ സ്റ്റേഷനുകൾ ഇല്ലാത്തതെന്ന് അറിയിക്കുമോ ;

(ബി) വെള്ളരിക്കുണ്ട് താലൂക്കിൽ വെള്ളരിക്കുണ്ട് ആസ്ഥാനമായി ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) താഴെ കൊടുത്തിരിക്കുന്ന ജില്ലകളിലുള്ള താലൂക്കുകളിലാണ് ഫയർ ആന്റ്റസ്ക്യൂ സ്റ്റേഷൻ ഇല്ലാത്തത്.

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ഇല്ലാത്ത താലൂക്ക്	ജില്ല
1	പത്തനാപുരം	കൊല്ലം
2	കുട്ടനാട്	ആലപ്പുഴ
3	മല്ലപ്പള്ളി	പത്തനംതിട്ട
4	പട്ടാമ്പി	പാലക്കാട്
5	കൊണ്ടോട്ടി	മലപ്പുറം
6	തിരൂരങ്ങാടി	മലപ്പുറം
7	വൈത്തിരി	വയനാട്
8	വെള്ളരിക്കുണ്ട്	കാസർഗോഡ്

(ബി) വെള്ളരിക്കുണ്ട് ആസ്ഥാനമാക്കി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ഒന്നും നിലവിലില്ല. 21-12-2011-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3764/2011/ആഭ്യന്തരം, പ്രകാരം അംഗീകരിച്ച് പ്രസിദ്ധീകരിച്ച അടുത്ത 5 വർഷങ്ങൾക്കുള്ളിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ പട്ടികയിലും പുതിയ ഫയർ ആഡ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച ഏജൻസിയായ ആർ.എം.എസ്.ഐ. നടത്തിയ പഠനത്തിലും വെള്ളരിക്കുണ്ട് ഉൾപ്പെട്ടിട്ടില്ല. കൂടാതെ നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സ്ഥലങ്ങളിൽ മാത്രമേ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ മുൻഗണന നൽകി വരുന്നുള്ളൂ.

ഫയർമാൻമാരുടെ ഒഴിവുകൾ

256 (3890) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫയർമാൻമാരുടെ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്താകെ 1270 ഫയർമാൻമാരുടെ ഒഴിവുകൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly